പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2671 **28-10-2026-ൽ മറുപടിയ്ക്ക്**

പുതിയ ജലസേചന പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. തോമസ് ഉണ്ണിയാടൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് പുതിയ ജലസേചന പദ്ധതികൾ അനുവദിക്കാൻ നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ;

മറുപടി: സംസ്ഥാനത്തെ കാർഷിക മേഖലയ്ക്ക് ആവശ്യമായ ജലലഭ്യത പൂർണ്ണമായും ഉറപ്പുവരുത്തുന്നതിനും ജലസംരക്ഷണം ശക്തിപ്പെടുത്തുന്നതിനുമായി ജലവിഭവ വകുപ്പ് മുഖേന വിവിധ വൻകിട/ഇടത്തരം (Major/Medium Irrigation), ചെറുകിട (Minor Irrigation) ജലസേചന പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി വി.സി.ബികളും (Vented Cross Bars), ചെക്ക് ഡാമുകളും നിർമ്മിച്ച് വരൾച്ചയെ നേരിടുന്നതിനും പുഴകളിലും വലിയ തോടുകളിലും ജലനിരപ്പ് ഉയർത്തുന്നതിനും കൂടാതെ ഭൂഗർഭജല വിതാനം വർദ്ധിപ്പിക്കുന്നതിനുമായുള്ള പ്രവൃത്തികൾ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. തീരദേശ മേഖലകളിൽ വേലിയേറ്റ സമയത്ത് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും കാർഷികാവശ്യങ്ങൾക്ക് ആവശ്യമായ ശുദ്ധജലം ലഭ്യമാക്കുന്നതിനുമായി SWECBS, പുതിയ റെഗുലേറ്ററുകളുടെയും റെഗുലേറ്റർ കം ബ്രിഡ്ജുകളുടെയും (RCB) നിർമ്മാണം എന്നിവ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. നദീതടങ്ങളിലെയും മറ്റ് പ്രധാന ജലാശയങ്ങളിലെയും വെള്ളം ഉയർന്ന പ്രദേശങ്ങളിലെ കൃഷിയിടങ്ങളിലേക്ക് പമ്പ് ചെയ്ത് എത്തിക്കുന്നതിനായി പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ അനുവദിക്കുകയും, പ്രവർത്തനരഹിതമായ പഴയ പദ്ധതികളുടെ പമ്പ് ഹൗസുകളും പൈപ്പ് ലൈനുകളും മാറ്റി സ്ഥാപിച്ച് അവ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്ന പ്രവൃത്തികൾ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്.

നിലവിലുള്ള വൻകിട-ഇടത്തരം ജലസേചന കനാൽ ശൃംഖലകളുടെ ചോർച്ച തടയുന്നതിനായി കോൺക്രീറ്റ് ലൈനിംഗ് നടത്തുകയും കനാലുകളിലെ എക്കലും തടസ്സങ്ങളും നീക്കം ചെയ്ത് കനാലിന്റെ അവസാന ഭാഗങ്ങളിലുള്ള (Tail-end) കൃഷിയിടങ്ങളിലേക്ക് വരെ വെള്ളമെത്തിക്കാൻ പുതിയ ശാഖാ കനാലുകളും ഫീഡർ കനാലുകളും വികസിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ വകുപ്പ് ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു. ജലസ്രോതസ്സുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള ശാസ്ത്രീയ ഡ്രഡ്ജിംഗും നദീതീര സംരക്ഷണ പ്രവർത്തനങ്ങളും വകുപ്പ് സജീവമായി നടപ്പിലാക്കുന്നുണ്ട്.

കാവേരി ജല തർക്ക ട്രിബ്യൂണലിന്റെ (CWDT) 2007-ലെ അന്തിമ ഉത്തരവ് പ്രകാരം, കബനി നദീതടത്തിൽ അനുവദിച്ചിട്ടുള്ള 11.51 TMC ജലം വിനിയോഗിക്കുന്നതിനായി 7 ഇടത്തരം ജലസേചന പദ്ധതികൾ (നൂൽപ്പുഴ, പെരിങ്ങോട്ടുപുഴ, കല്ലമ്പതി, തിരുനെല്ലി, ചുണ്ടാലിപ്പുഴ, കടമാൻതോട്, തൊണ്ടാർ പദ്ധതികൾ) വിഭാവനം ചെയ്തിട്ടുണ്ട്. ടി ഏഴ് ഇടത്തരം ജലസേചന പദ്ധതികൾക്കും

വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. കടമാൻതോട്, തൊണ്ടാർ പദ്ധതികളെ ഒന്നാം ഘട്ട പദ്ധതികളായും, നൂൽപ്പുഴ, പെരിങ്ങോട്ടുപുഴ, കല്ലമ്പതി, തിരുനെല്ലി, ചുണ്ടാലിപ്പുഴ പദ്ധതികളെ രണ്ടാം ഘട്ട പദ്ധതികളായും ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

അഗളി, ഷോളയർ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ജലസേചന പദ്ധതിയായ അട്ടപ്പാടി ഡാം പദ്ധതിയുടെ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുന്നതിന് വേണ്ടിയുള്ള സർവ്വേ നടപടികൾ പുരോഗമിച്ചുവരികയാണ്.

പാലക്കാട് ജില്ലയിലെ കുരിയാർകുറ്റി, കാരാപ്പാറ സുസ്ഥിര ബദൽ പദ്ധതി (Sustainable Alternative Solutions to Kuriarkutty Karappara irrigation Project – SAAKIP) ജല വൈദ്യുത ഉത്പാദനവും ജലസേചനവും ലക്ഷ്യമിട്ടിട്ടുള്ള സമഗ്ര പദ്ധതിയുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് വേണ്ടി ജലസേചനവകുപ്പ് ടാറ്റ കൺസൾട്ടിംഗ് എഞ്ചിനീയേഴ്സ് ലിമിറ്റഡുമായി (TCE Ltd) കരാറിൽ ഏർപ്പെട്ടിട്ടിട്ടുണ്ട്. TCE സമർപ്പിച്ച Pre feasibility അംഗീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

കാവേരി നദീജല തർക്ക ട്രൈബ്യൂണലിന്റെയും (CWDT) ബഹു. സുപ്രീംകോടതി ഉത്തരവിന്റെയും അടിസ്ഥാനത്തിൽ കേരളത്തിന് ലഭിച്ച ജല വിഹിതത്തിൽ ഉൾപ്പെടുത്തി, ഭവാനി നദീതടത്തിൽ നിന്ന് 2.87 TMC ജലം ഫലപ്രദമായി വിനിയോഗിക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് അട്ടപ്പാടി ജലസേചന പദ്ധതി (AIP). അട്ടപ്പാടിയിലെ വരൾച്ചാ ബാധിത ആദിവാസി മേഖലകളിൽ ജലസേചനവും കുടിവെള്ളവും എത്തിക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ആദ്യ കണക്കുകൾ പ്രകാരം 497 കോടി രൂപ ചെലവ് പ്രതീക്ഷിച്ച ഈ പദ്ധതിയുടെ വിശദമായ പദ്ധതി രൂപരേഖ (DPR), അന്തർ സംസ്ഥാന അനുമതികളുടെയും സാങ്കേതിക - സാമ്പത്തിക സാധ്യതാ പഠനങ്ങളുടെയും കുറവ് ചൂണ്ടിക്കാട്ടി കേന്ദ്ര ജല കമ്മീഷനും (CWC) പരിസ്ഥിതി മന്ത്രാലയവും തിരിച്ചയക്കുകയുണ്ടായി.

അട്ടപ്പാടി ജലസേചന പദ്ധതി വന മേഖലയിൽ ആയതിനാൽ ഫോറസ്റ്റ് ക്ലിയറൻസ് Enivirornmental Clearance മുതലായ അനുമതികൾ PARIVESH PORTAL മുഖേന ലഭ്യമാക്കേണ്ടതുണ്ട്. ആയത് ലഭ്യമാകുന്നതിനുവേണ്ടി നടത്തിയ പരിശോധനകളിൽ Reduced Level-ൽ പൊരുത്തക്കേടുകൾ കണ്ടെത്തി. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഒരു പുതിയ DPRC Committee- യെ നിയമിക്കുകയും ചെയ്തു. ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ (GSI), KERI എന്നിവയുടെ നേതൃത്വത്തിൽ പുതിയ ടോപ്പോഗ്രാഫിക്കൽ സർവേയും വിശദമായ പര്യവേഷണ പ്രവൃത്തികൾക്കായുള്ള നടപടികളും പുരോഗമിച്ചു വരുന്നു. ഈ ഫീൽഡ് സർവേകളും ജിയോളജിക്കൽ മാപ്പിംഗും പൂർത്തിയാക്കി ഡാം അലൈൻമെന്റ് അന്തിമമാക്കിയശേഷം, പരിഷ്കരിച്ച അന്തിമ DPR അനുമതിക്കായി കേന്ദ്ര ജല കമ്മീഷന് സമർപ്പിക്കുന്നതാണ്.

(ബി) നിലവിലെ പദ്ധതികൾ പരിഷ്കരിച്ചും പുതിയ പദ്ധതികൾ അനുവദിച്ചും മുഴുവൻ കർഷകർക്കും കൃഷിയ്ക്ക് ആവശ്യമായ ജലലഭ്യത ഉറപ്പു വരുത്തുന്നതിന് ഒരു മാസ്റ്റർ പ്ലാൻ നടപ്പാക്കാൻ നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>മറുപടി:</u> സംസ്ഥാനത്തെ മുഴുവൻ കർഷകർക്കും കൃഷിക്ക് ആവശ്യമായ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി, പുതിയ വി.സി.ബികൾ, റെഗുലേറ്ററുകൾ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ എന്നിവ അനുവദിച്ചും നിലവിലുള്ള ജലസംഭരണികളും കനാൽ ശൃംഖലകളും ഉൾപ്പെടെയുള്ള ജലസേചന പദ്ധതികൾ സമാന്തരമായി പരിഷ്കരിച്ചും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി നടപ്പിലാക്കാൻ ജലവിഭവ വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ